പ്രവേശനോത്സവ വിളംബര കലാജാഥ

2023 മെയ് 30 ന് പ്രവേശനോത്സവ വിളംബര കലാജാഥ സംഘടിപ്പിച്ചു 2023 ജൂൺ 1 ന് സ്കൂൾ പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിന്റെ ഭാഗമായാണ് വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ നേതൃത്വത്തിൽ പ്രവേശനോത്സവ വിളംബര കലാജാഥ സംഘടിപ്പിച്ചത്. കല്ലിയൂർ, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ആറ് കേന്ദ്രങ്ങളിൽ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു .നരുവാമൂട് ജംഗ്ഷനിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി മല്ലികയും വെള്ളായണി ദേവി ക്ഷേത്രം മൈതാനത്തിൽ കല്ലിയൂർ ഗ്രാമ

പഞ്ചായത്ത് പ്രസിഡണ്ട് കെ കെ ചന്തു കൃഷ്ണയും വിളംബരജാഥഉദ്ഘാടനം ചെയ്തു. സ്കിറ്റുകൾ, കവിതാലാപനം, നാടകം എന്നിവയാണ് കുട്ടികൾ അവതരിപ്പിച്ചത് പൊതുവിദ്യാലയങ്ങളുടെ മികവുകളായിരുന്നു അവതരണങ്ങളിലെ പ്രധാന പ്രമേയം.

കേളി –സ്കൂൾ കലോത്സവം

രണ്ടു ദിവസം നീണ്ട കലോത്സവം. കേളി എന്നായിരുന്നു പേര്. കലോത്സവത്തിന്റെ കേളികൊട്ടുയർന്നതോടെ വേദികൾ സജീവമായി. 4 വേദികൾ. നിരവധി മൽസരാർഥികൾ. ഡോ.കെ. ബിനയായിരുന്നു ഉദ്ഘാടക. ഗ്രാമ പഞ്ചായത്തംഗം കെ കെ. ചന്തു കൃഷ്ണ അധ്യക്ഷനായി. പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് ആരോഗ്യ–വിദ്യാഭ്യാസ സ്ഥിരം സമിതിഅധ്യക്ഷൻ സി.ആർസുനു മുഖ്യാതിഥിയായി. ഗ്രാമ പഞ്ചായത്തംഗം ഇ.ബി.വിനോദ്, എസ്.എം.സി ചെയർമാൻ എസ്. പ്രേംകുമാർ, എം.പി.ടി.എ പ്രസിഡന്റ് ആരതി, സീനിയർ അധ്യാപിക എം.ആർ. സൗമ്യ. കൺവീനർ കെ. ബിന്ദു പോൾ എന്നിവർ പ്രസംഗിച്ചു.

'ഇന്ന് ' സചിത്ര ഡയറി

'ഇന്ന്' എന്നാണ് സചിത്രഡയറിക്ക് പേര് നൽകിയിരിക്കുന്നത്. പഠനപ്രവർത്തനങ്ങളുടെ തുടർച്ചയായാണ് അധ്യാപകർ കുട്ടികളെ ഡയറിയെഴുത്ത് പരിശീലിപ്പിച്ചത്. ഇതിന്റെ ഭാഗമായി സചിത്രം എന്ന പേരിൽ രക്ഷകർതൃ കൂട്ടായ്മയും സംഘടിപ്പിച്ചിരുന്നു. വീട്ടിലെ ആഘോഷങ്ങൾ, വിശേഷങ്ങൾ,പ്രകൃതിനിരീക്ഷണക്കുറിപ്പുകൾ തുടങ്ങിയവയെല്ലാം ഡയറിത്താളുകളിൽ ഇടം പിടിച്ചിട്ടുണ്ട്. കുട്ടികളെഴുതിയ ഡയറിത്താളുകൾ അതേപടി സ്കാൻ ചെയ്തും അച്ചടിച്ചുമാണ് ഡയറിയുടെ രൂപകല്പന. ഡയറിയുടെ പ്രകാശനം സമഗ്രശിക്ഷ കേരള ബാലരാമപുരം ബ്ലോക്ക് പ്രോജക്ട് കോ–ഓർഡിനേറ്റർ എസ്.ജി അനീഷ് നിർവഹിച്ചു. എസ്. എം.സി ചെയർമാൻ എസ്. പ്രേംകുമാർ അധ്യക്ഷനായി. വൈസ് ചെയർമാൻ എസ്.ജി അനീഷ്, സ്റ്റാഫ് സെക്രട്ടറി അജയ് കുമാർ, അധ്യാപകരായ എസ്. ബിന്ദു, ബെൻറാണി, പി.എസ് ഗീത, വി.ഷീബ, ജിജി എന്നിവരുടെ നേതൃത്വത്തിലാണ് ഡയറി രൂപകല്പന ചെയ്തത്. ഹെഡ്മാസ്റ്റർ എ.എസ്. മൻസൂർ സ്വാഗതവും സീനിയർ അധ്യാപിക എം.ആർ. സൗമ്യ നന്ദിയും പറഞ്ഞു.

ഭാഷോത്സവം

ഒന്നാംക്ലാസിലെകുട്ടുകാർകുട്ടിപത്രങ്ങൾ തയാറാക്കി. ഭാഷോത്സവത്തിന്റെ ഭാഗമായിട്ടാണ് ചാർട്ടു പേപ്പറുകളിൽ മനോഹരമായ പത്രങ്ങൾ കുട്ടികൾ തയാറാക്കിയത്. വിദ്യാലയത്തിൽ നടന്ന വിവിധങ്ങളായ ഉത്സവങ്ങൾ, ശില്പശാലാ വാർത്തകൾ, സെമിനാർ വാർത്തകൾ, അസംബ്ലി, ഡയറിക്കുറിപ്പുകളിലെ വൈവിധ്യത എന്നിവയാണ് കുട്ടികൾ വാർത്താ രൂപത്തിലാക്കി മാറ്റിയത്. അനുയോജ്യമായ ചിത്രങ്ങളും കുട്ടികൾ വരച്ചു ചേർത്തു.ചില പരാതികളും ആവശ്യങ്ങളും വാർത്തകളായി ഇടം പിടിച്ചിട്ടുണ്ട്. വർത്തമാന പത്രങ്ങളെ പഠന സാമഗ്രിയാക്കി ക്ലാസ് തലത്തിൽ നടന്ന ചർച്ചയിലൂടെയാണ് വാർത്തകൾ രൂപപ്പെട്ടത്. കുട്ടികൾക്കറിയാവുന്ന അക്ഷരങ്ങളും വാക്കുകളും ഉപയോഗിച്ച് ചെറിയ സംഭവങ്ങളെ വാർത്തകളാക്കി മാറ്റി. ഒരു ചാർട്ടിനെ അഞ്ചു കോളങ്ങളാക്കി മാറ്റി. കോളത്തിന്റെ വലുപ്പത്തിൽ നീളത്തിൽ കടലാസ് കീറികുട്ടികൾക്ക് നൽകി അതിലെഴുതിയ വാർത്തകൾ ചാർട്ടിൽ ഒട്ടിച്ചാണ് പത്ര രൂപത്തിലാക്കിയത്. ഓരോ ഡിവിഷനിലും തയാറാക്കിയ പത്രങ്ങൾക്ക് പുലരി, അക്ഷരപ്പുക്കൾ, മഴവില്ല് എന്നിങ്ങനെ കുട്ടികൾ പേരും നൽകി. പത്രത്തിന്റെ പ്രകാശനം കല്ലിയൂർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തിമതി നിർവഹിച്ചു. എസ്.എം.സി ചെയർമാൻ എസ്.പ്രേംകുമാർ അധ്യക്ഷനായി. ഗ്രാമപഞ്ചായത്തംഗങ്ങളാ കെ.കെ. ചന്തുകൃഷ്ണ, ഇ.ബി. വിനോദ് കുമാർ, എം.പി.ടി.എ. പ്രസിഡന്റ് ആരതി, മഞ്ചു എന്നിവർ പങ്കെടുത്തു. അധ്യാപകരായ ഷീബ, ജിജി, ബിന്ദു എന്നിവർ പത്ര നിർമാണത്തിന് നേതൃത്വം നൽകി.

കടൽ വീട്ടിൽ കവിക്കൊപ്പം

സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടന്ന സഹവാസ ക്യാമ്പിനോടനുബന്ധിച്ച 'കടൽ വീട്ടിൽ കവിയ്ക്കൊപ്പം' എന്ന പരിപാടിയുടെ ഭാഗമായികുട്ടികൾ കവിയും അധ്യാപകനും മലയാളം മിഷൻ രജിസ്ട്രാറുമായ വിനോദ് വൈശാഖി മാഷിന്റെ കരുംകുളത്തെ വീട്ടിലെത്തി. കവിയുടെ ജന്മദിനം ആഘോഷിച്ചു. ക്യാമ്പംഗങ്ങളായ 40 കുട്ടികളും അധ്യാപകരും കുടുംബാംഗങ്ങളോടൊപ്പം കേക്കുമുറിച്ചും കവിത ചൊല്ലിയും കഥ പറഞ്ഞും, നാടൻ പാട്ടുപാടിയും മാഷിന്റെ ജന്മദിനാഘോഷത്തിൽ പങ്കാളികളായി. സ്കൂൾ ഹെഡ്മാസ്റ്റർ എ.എസ് മൻസൂർ ജന്മദിന സമ്മാനം കൈമാറി. എസ്.എം.സി ചെയർമാൻ. എസ് പ്രേംകുമാർ, അധ്യാപകരാ കെ.ബിന്ദു പോൾ, പ്രിയകുമാരി, നൗഷാദ്, സ്വപ്നകുമാരി, രമ്യ, സന്ധ്യ, ഷുഹൂദ്, ബിപിൻ ലാൽ, എസ്. എം.സി. രാജേഷ് എന്നിവർ പങ്കെടുത്തു.

ബാലശാസ്ത്ര കോൺഗ്രസ്

ബ്ളോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ലെൻസ്' ബാലശാസ്ത്ര കോൺഗ്രസിന് നേമം ഗവ. യു.പി.എസ്വേദിയായി.കുട്ടികളിൽ ശാസ്ത്രബോധവും ശാസ്ത്രീയ സമീപനവും വളർത്തുകയാണ് ലക്ഷ്യം. പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് ബാലശാസ്ത്ര കോൺഗ്രസ് സമാപന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് കെ. പ്രീജ ഉദ്ഘാടനം ചെയ്തു ബ്ലോക്കംഗം എ.ടി.മനോജ്, സി. ഡി.പി.ഒ ബിന്ദു, ഹെഡ് മാസ്റ്റർ എ.എസ്. മൻസൂർ, വിജയകുമാർ എന്നിവർ പ്രസംഗിച്ചു. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും പുസ്തകങ്ങളും വിതരണം ചെയ്തു. സ്കൂൾ തല മത്സരങ്ങളിൽ വിജയിച്ച അമ്പത് കുട്ടികൾ കോൺഗ്രസിൽ പങ്കെടുത്തു.

എസ്.എം.സി പൊതുയോഗം

2023–24 വർഷത്തെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷിക പൊതുയോഗം ചേർന്നു. ജനുവരി 17 ന് ചെയർമാൻ ശ്രീ. എസ്. പ്രേംകുമാറിന്റെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്. 169 പേർ യോഗത്തിൽ സന്നിഹിതരായി. 2022–23 വർഷത്തെ വരവ് ചെലവ് കണക്കുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചയ്ക്ക് ശേഷം റിപ്പോർട്ടും വരവുചെലവുകണക്കുകളും അംഗീകരിച്ചു. ശ്രീ.എസ്. പ്രേംകുമാർ അധ്യക്ഷനായി പുതിയ കമ്മിറ്റി രൂപീകരിച്ചു. വൈസ് ചെയർമാനായി സി.എസ് രജിഷിനെയും എം.പി.ടി.എ.പ്രസിഡന്റായി ശ്രീമതി. പി ആരതിയേയും തെരഞ്ഞെടുത്തു. എസ്. ദിൽജിത്താണ് ബസ് കമ്മിറ്റികൺവീനർ. ശ്രീ.ബിനുർ, ശ്രീമതി ഷെഹ്നബീവി എന്നിവരെ കമ്മിറ്റിയിൽ പുതുതായി ഉൾപ്പെടുത്തി. ഏഴഗംങ്ങളുള്ള മാതൃസംഗമം കമ്മിറ്റിയും നിലവിൽ വന്നു.

ചരിത്ര മാലിക സന്ദർശിച്ചു

നേമം സ്കൂൾ സോഷ്യൽ സർവീസ് സ്കീം അംഗങ്ങൾ ചരിത്ര മാലിക സന്ദർശിച്ചു. നാടിന്റെ ചരിത്രം, സംസ്ക്കാരം, പുരാതന സാഹിത്യം എന്നിവയുടെ ശേഷിപ്പുകൾ സൂക്ഷിക്കുന്ന അമരവിളയിലെ ചരിത്ര മാളികയിലെത്തിയപ്പോൾ സ്കൂൾ സോഷ്യൽ സർവീസ് സ്കീം അംഗങ്ങളിലെ കുട്ടുകാർക്ക് ആഹ്ലാദവും വിസ്മയവും. നാലുമണിക്കൂറോളം കുട്ടികൾ ഇവിടെ ചെലവഴിച്ചു. സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെആഭിമുഖ്യത്തിൽസംഘടിപ്പിച്ചദ്വിദിന സഹവാസക്യാമ്പിന്റെഭാഗമായാണ്അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ ചരിത്ര മാളിക സന്ദർശനത്തിനെത്തിയത്. ചരിത്രാതീത കാലത്തെ ആയുധങ്ങൾ, ഗൃഹോപകരണങ്ങൾ, അളവു പാത്രങ്ങൾ, വിളക്കുകൾ, ഫർണിച്ചറുകൾ, ചികിത്സാ രീതികൾ എന്നിവ കുട്ടികൾ നേരിട്ടു മനസിലാക്കി യു.പി. വിഭാഗത്തിലെ 40 കുട്ടികളാണ് ക്യാമ്പംഗങ്ങൾ. ക്യാമ്പിന്റെ ഉദ്ഘാടനം കഴിഞ്ഞ ദിവസം എസ്.എം.സി ചെയർമാൻ എസ്. പ്രേംകുമാർ നിർവഹിച്ചു. ക്യാമ്പിന്റെ ഭാഗമായി കാഞ്ഞിരംകുളം ആനന്ദ കലാകേന്ദ്രത്തിലെ കലാകാരൻമാരുടെ നേതൃത്വത്തിൽ കളിമൺ ശില്പശാല, ടി.വി. അവതാരകഷിജിനപ്രീതിന്റെനേതൃത്വത്തിൽ ബലൂൺ ആർട്ട്, അനാമിക അജിത്തിന്റെ നേതൃത്വത്തിൽ യോഗാ പരിശീലനം, വിവിധ സ്ഥലങ്ങളിൽ സന്ദർശനം എന്നിവയും നടന്നു. ഹെഡ് മാസ്റ്റർ എ.എസ്.മൻസൂർ,അധ്യാപകരായപ്രിയാകുമാരി,സ്വപ്നകുമാരി, അജയ് കുമാർ, അബ്ദുൽ ഷുഹൂദ്, ബിന്ദു, രമ്യ, അനൂപ് എന്നിവരും കുട്ടികളെ അനുഗമിച്ചു. ക്യൂറേറ്റർ അഭിലാഷ് കുമാറിന് നേമം ഗവ.യു.പി എസിന്റെ ഉപഹാരം എസ്. പ്രേംകുമാർ സമ്മാനിച്ചു.

വായന പക്ഷാചരണം

വായന പക്ഷാചരണത്തിന്റെ ഭാഗമായി വിവിധങ്ങളായ പരിപാടികളാണ് സംഘടിപ്പിച്ചത്. ജൂൺ 19 ന് കവിയും നാടക പ്രവർത്തകനുമായ അഖിലൻ ചെറുകോട് ഉദ്ഘാടനം ചെയ്തു. എസ്.എം.സി ചെയർമാൻ എസ്. പ്രേംകുമാർ അധ്യക്ഷനായി. സ്കൂൾ അസംബ്ലിയിൽ വിദ്യാർത്ഥികൾക്കായി വായനാദിന പ്രതിജ്ഞ, പുസ്തക പരിചയം എന്നിവ നൽകി. പക്ഷാചരണത്തിന്റെ ഭാഗമായി കുട്ടികളുടെ കയ്യെഴുത്ത് മാസികകളുടെ നിർമ്മാണം, ലിറ്റിൽ മാഗസിനുകളുടെ പ്രകാശനം, പുസ്തക പ്രദർശനം, എഴുത്തുകാരുമായുള്ള സംവാദങ്ങൾ, ക്ലാസ് റൂം ലൈബ്രറി ഫലപ്രദമാക്കൽ എന്നിവ സംഘടിപ്പിച്ചു. സീനിയർ അധ്യാപിക എം.ആർ. സൗമ്യ അധ്യാപകരായ അനൂപ് എ.ആർ, വി.പി മായ, പി.എസ് ഗീത, കെ ബിന്ദു പോൾ എന്നിവർ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ എ.എസ് മൻസൂർ സ്വാഗതവും കൺവീനർ എം എൽ ധന്യ നന്ദിയും പറഞ്ഞു.

കായിക പരിശീലനം

എൽപിമിനി, ജൂനിയർ, സീനിയർ എന്നീ മൂന്ന് വിഭാഗങ്ങളിലായി കുട്ടികൾക്കുള്ള കായിക പരിശീലനം ആരംഭിച്ചു. കായികാധ്യാപകൻ ബിപിന്റെ നേതൃത്വത്തിൽ കായിക ഉപകരണങ്ങൾ വാങ്ങി. കയിക പരിശീലനത്തിന്റെഎല്ലാ പീരിയഡുകളും ഇതോടെ സജീവമായി.

നൂനു സാകിൻ അറബിക് എക്സ്പോ

അറബിക് ദിനാചരണത്തിന്റെ ഭാഗമായി അറബിക് എക്സ്പോ സംഘടിപ്പിച്ചു. അറബി ഭാഷ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ അമ്പതാം വാർഷികത്തിന്റെ തുടർച്ചയായാണ് വിവിധ കലാപരിപാടികളും പ്രദർശനവും സംഘടിപ്പിച്ചത്. ഒരാഴ്ച നീണ്ട പരിപാടികളാണ് നടന്നത്. വിവിധ മത്സരങ്ങൾ, കാലിഗ്രഫി പരിചയപ്പെടുത്തലും കുട്ടികൾക്കുള്ള പരിശീലനവും,അറബിക്ക്കലാരൂപങ്ങൾ പരിചയപ്പെടുത്തൽ, വിവിധ വലുപ്പത്തിലുള്ള ഖുർ–ആൻ, വിവിധ ഭാഷകൾ കടം കൊണ്ട അറബി പദങ്ങൾ എന്നിവയുടെ പ്രദർശനവും നടന്നു. എല്ലാവർക്കും കാലിഗ്രാഫിയിൽ പേരുകൾ എഴുതി സമ്മാനിച്ചു. ദിനാചരണത്തിന്റെ ഉദ്ഘാടനം എസ്. എം.സിചെയർമാൻ എസ്. പ്രേംകുമാർ നിർവഹിച്ചു.

അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, ഗവ.യു.പി.എസ്. നേമം. സൗജന്യ വിതരണത്തിന്

ലൈസ്സി ഗവാറി 944761422

വർണം
വാർത്താപത്രിക

ഗവ. യു.പി.എസ് നേമം | സ്കൂൾ വാർഷിക സപ്ലിമെന്റ് | 2024 ഫെബ്രുവരി

ഗവൺമെന്റ് യു.പി.എസ് നേമം

നാടിന്റെ അഭിമാന വിദ്യാലയം

ഏറെ സവിശേഷതകളുള്ള ഒരു വിദ്യാലയമാണ് നേമം ഗവൺമെന്റ് യുപിഎസ്. നേമം. പള്ളിച്ചൽ,കല്ലിയൂർ ഗ്രാമ പഞ്ചായത്തുകളിലും കാട്ടാക്കട, കോവളം നിയോജകമണ്ഡലങ്ങളിലും തിരുവനന്തപുരം, ആറ്റിങ്ങൽ പാർലമെൻറ് മണ്ഡലങ്ങളിലുമായിട്ടാണ് നേമം ഗവൺമെൻറ് യുപി സ്കൂൾ സ്ഥിതി ചെയ്യുന്നത്. സംസ്ഥാന ദേശീയ പാതയ്ക്കിരുവശവുമായി സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ കുട്ടികൾക്ക് സഞ്ചരിക്കുന്നതിന് വേണ്ടി ദേശീയ പാതയിൽ അടിപ്പാത നിർമ്മിച്ചിട്ടുണ്ട്.

നേമം ഗവൺമെൻറ് യുപി സ്കൂൾ അഭിമാനകരമായ മുന്നേറ്റത്തിനാണ് സാക്ഷിയാകുന്നത്. രണ്ട് പതിറ്റാണ്ട് മുമ്പാരംഭിച്ച വിദ്യാലയം ഇപ്പോഴും വികസന ജൈത്രയാത്ര തുടരുകയാണ്. 2009ൽ ഹരിത കേരളം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് വിദ്യാലയം വേദിയായി. അതേ വർഷം സമഗ്ര ശിക്ഷ കേരളയുടെ ആഭിമുഖ്യത്തിൽ നക്ഷത്ര നിരീക്ഷണ കേന്ദ്രംസ്ഥാപിക്കുകയുംചെയ്തു. 2012ൽ പൊതുവിദ്യാഭ്യാസ വകുപ്പ് മോഡൽ സ്കൂളായി പ്രഖ്യാപിച്ചു.

സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിനും ജില്ലാ സ്കൂൾ പ്രവേശനോത്സവത്തിനും സ്കൂൾ വേദിയായിട്ടുണ്ട്. 2019ൽ സ്കൂൾ അനക്സിൽ ആറ് ക്ലാസ് മുറികളുള്ള ഇരുനില മന്ദിരം നിർമ്മിക്കുകയും ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. 2020 ൽ ഒമ്പത് ക്ലാസ് മുറികളുള്ള ബഹുനില മന്ദിരം ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ കുട്ടികൾക്ക് സമർപ്പിച്ചു. 2021ൽ നിലവിലുണ്ടായിരുന്ന പഴയ ആറ് ക്ലാസ് മുറികളുള്ള കെട്ടിടം പൊളിച്ചു നീക്കി ഒരു മിനി ഓഡിറ്റോറിയവും മൂന്ന് ക്ലാസ് മുറികളും സ്ഥാപിക്കുന്നതിന് വേണ്ടി ഒരുകോടിരൂപ അനുവദിക്കുകയും ഇതോടൊപ്പം തന്നെ ടോയ്‌ലറ്റ് ബ്ലോക്കുകൾ സ്ഥാപിക്കാനും തുടക്കമിട്ടു. നിർമാണ പ്രവർത്തനങ്ങൾക്ക്ബഹു.പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി വി.ശിവൻകുട്ടി തുടക്കം കുറിച്ചു.

2021–22 സംസ്ഥാനത്തെ പ്രഥമ ഗണിത പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. അതേ വർഷം തന്നെ സമഗ്ര ശിക്ഷ കേരള പദ്ധതി പ്രകാരം പ്രീപ്രൈമറിനവീകരണപ്രവർത്തനങ്ങളും ബാല പദ്ധതിയും നടപ്പിലാക്കി.

കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഫർണിച്ചറുകൾ ലഭ്യമാക്കൽ, പാചകത്തിനാവശ്യമായ പാത്രങ്ങൾ ലഭ്യമാക്കൽ, കുട്ടികൾക്ക് യോഗ പരിശീലനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അടുക്കളയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ശ്രീ.ഐ.ബിസതീഷ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുറപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു.

2021–22 ൽ ശ്രീ.ജോൺ ബ്രിട്ടാസ് എംപി സ്കൂളിന് പുതിയ ബസ് സമ്മാനിച്ചു. കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ക്ലാസ്സുമുറികളിലും പുസ്തകച്ചുവരുകൾ സ്ഥാപിക്കൽ, ക്ലാസ് മുറികളിൽ സൗണ്ട് സിസ്റ്റം സ്ഥാപിച്ച് സ്കൂൾ റേഡിയോ പരിപാടികൾ തയാറാക്കി അവതരിപ്പിക്കൽ, കുട്ടികൾക്ക് സ്വയം പരീക്ഷണങ്ങൾ ചെയ്ത് പഠിക്കാനുള്ള സയൻസ് പാർക്ക്, സയൻസ് ലാബ്, ഗണിതലാബ്, എയർ കണ്ടീഷൻ ചെയ്ത സെമിനാർ ഹാൾ, കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തി പുസ്തകങ്ങളുടെ പ്രകാശനം, ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ചേർത്ത് സചിത്ര ഡയറി പ്രകാശനം, അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാശനം, എൽ. എസ്. എസ്, യു.എസ്.എസ് പരീക്ഷാ പരിശീലനം, കളരി പരിശീലനം തുടങ്ങി വൈവിധ്യവും നൂതവുമായ മാതൃകകൾ സൃഷ്ടിച്ച് വിദ്യാലയം അഭിമാനത്തോടെ തലയുയർത്തി നിൽക്കുന്നു.

അംഗീകാരങ്ങളുടെയും മുന്നേറ്റങ്ങളുടെയും വർഷങ്ങളാണ് കടന്നുപോകുന്നത്. രണ്ടു വർഷങ്ങളിൽ ഉപജില്ലയിലെ ഏറ്റവും മികച്ച പിടിഎ പുരസ്കാരവും ഇന്നവേറ്റീവ് പുരസ്കാരവും വിദ്യാലയത്തെ തേടിയെത്തി. തീർച്ചയായും നേമം ഗവൺമെൻറ് യുപി സ്കൂൾ നാടിന്റെ അഭിമാന വിദ്യാലയമാണ്.

സ്കൂൾ ബസ് ഫ്ളാഗ് ഓഫ് ചെയ്തു..

ബഹു രാജ്യസഭാംഗം ജോൺ ബ്രിട്ടാസ് സ്കൂളിന്ബസ്നൽകി.ആസ്തിവികസന ഫണ്ടിൽ നിന്നനുവദിച്ചബസിന്റെ ഫ്ളാഗ് ഓഫ് 2023 ജൂൺ രണ്ടിന് നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ ടി.മല്ലിക, കെ.കെ. ചന്തു കൃഷ്ണ വിദ്യാഭ്യാസസ്ഥിരം സമിതി അധ്യക്ഷൻ സി. ആർ.സുനു, വാർഡ്മെമ്പർ ഇ.ബി.വിനോദ് കുമാർ,എസ്.എം.സി.വൈസ് യെർമാൻ സി.എസ്.രജീഷ് എന്നിവർ പങ്കെടുത്തു.

ലെൻസ് ബാലശാസ്ത്ര കോൺഗ്രസ്

വിദ്യാർഥികളിൽ ശസ്ത്രാവബോധവും യുക്തിചിന്തയും ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള വൈദഗ്ധ്യവും വളർത്തുന്നതിന് വേണ്ടി നേമം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ബാലശാസ്ത്ര കോൺസ്രിന്റെ ഉദ്ഘാടന വേദിയിൽ കുട്ടികൾ കൗതുക കാഴ്ച യൊരുക്കി.

വെള്ളായണി രാജസ്വയം ആഡിറ്റോറിയത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ.എം.ബിരാജേഷ്ഉദ്ഘാടനംചെയ്തു. എം.എൽ.എ മാരായ എം.വിൻസെന്റ്, ഐ.ബി.സതീഷ്, നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എസ്.കെ.പ്രീജ, ജില്ലാപഞ്ചായത്ത്പ്രസിഡന്റ്ഡി.സുരേഷ് കുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ പ്രസംഗിച്ചു.

ഉണർവ് പരിപാടിയിൽ പങ്കാളിത്തം ഉറപ്പാക്കി

സംസ്ഥാന സർക്കാർ 2023 നവംബർ ഒന്നു മുതൽ ഏഴ് വരെ തലസ്ഥാനത്ത് സംഘടിപ്പിച്ച കേരളീയം പരിപാടിയിൽ എനർജി മാനേജ്മെന്റ് സെന്റർ ഒരുക്കിയ ഉണർവ് പരിപാടിയിൽ കുട്ടികൾ പങ്കാളികളായി. സ്കൂൾ അങ്കണത്തിൽഐ.ബി. സതീഷ് എംഎൽഎ ഉണർവിലേക്കുള്ള യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി. മല്ലിക, ആരോഗ്യ–വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻസി.ആർ.സുനു,എസ്.എം.സി ചെയർമാൻ എസ് പ്രേംകുമാർ എന്നിവർ ഫ്ളാഗ് ഓഫ് ചടങ്ങിൽ സംബന്ധിച്ചു.

പുസ്തക പ്രകാശനം

കേരളപ്പിറവി ദിനത്തിൽ 30 കുട്ടികളുടെ പുസ്തക പ്രകാശനം നടന്നു. കുട്ടികൾ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി തയാറാക്കിയ സൃഷ്ടികൾ സമാഹരിച്ചാണ് വ്യത്യസ്ത പേരുകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്.

പുസ്തകങ്ങളുടെ പ്രകാശനം കല്ലിയൂർ ഗ്രാമപഞ്ചായത്തംഗം കെ.കെ. ചന്തു കൃഷ്ണയും പള്ളിച്ചൽ ഗ്രാമ പഞ്ചായത്തംഗം ഇ.ബിവിനോദ് കുമാറും ചേർന്ന് നിർവഹിച്ചു. എസ്.എം.സി ചെയർമാൻ എസ്. പ്രേംകുമാർ അധ്യക്ഷനായി.ഹെഡ് മാസ്റ്റർ എ.എസ്.മൻസൂർ, സീനിയർ അധ്യാപിക എം.ആർ സൗമ്യ, പിടിഎ അംഗം ദിൽജിത്ത്, അധ്യാപകരായ സുചിത കുമാരി, ധന്യ, ഗീത എന്നിവർ പ്രസംഗിച്ചു.

യോഗ പരിശീലനത്തിന് തുടക്കം കുറിച്ചു

125 കുട്ടികൾക്ക് യോഗ പരിശീലനത്തിന് തുടക്കം കുറിച്ചു. പ്രമുഖ യോഗപരിശീലകൻ ശ്രീ. ഗോപകുമാർ പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തിൽ പങ്കെടുക്കുന്ന 90 കുട്ടികൾക്ക് കല്ലിയൂർ ഗ്രാമപഞ്ചായത്ത് യോഗമാറ്റുകൾ നൽകി. പ്രസിഡന്റ് എം.സോമശേഖരൻ നായരിൽ നിന്ന് യോഗ മാറ്റുകൾ ഹെഡ് മാസ്റ്റർ എ.എസ് മൻസൂർ ഏറ്റുവാങ്ങി.

പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ 2023 - 24

മെയ് 25	- പ്രവേശനോത്സവത്തിന് ഒരുക്കങ്ങൾ ആരംഭം.
മെയ് 26	- സബ് ജില്ലാ സ്കൂൾ പ്രവേശനോത്സവ സംഘാടക സമിതി
മെയ് 26	- സ്കൂൾ ഡയറി പ്രകാശനം,
മെയ് 26	- എസ് എം സി ഭാരവാഹികളെ ആദരിക്കൽ
മെയ് 28	- പ്രവേശനോത്സവ വിളംബര യാത്ര
മെയ് 30	- പ്രവേശനോത്സവ വിളംബര യാത്ര
ജൂൺ 1	- പ്രവേശനോത്സവം.
ജൂൺ 2	- അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രകാശനം
ജൂൺ 5	- പരിസ്ഥിതി ദിനാചരണവും ഉണർവ് പദ്ധതിയുടെ ഉദ്ഘാടനവും
ജൂൺ 13	- വർണ കൂടാരത്തിന്റെ പ്രവർത്തനോദ്ഘാടനം
ജൂൺ 14	- പഠനോപകരണ നിർമാണ ശില്പശാല
ജൂലൈ 15	- ജല ക്ലബ്ബ് ഓൺലൈൻ ഉദ്ഘാടനം
ജൂൺ 19	- വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും വായനാ പക്ഷാചരണവും
ജൂൺ 21	- അന്താരാഷ്ട്ര യോഗാദിനവും സ്കൂൾ പുസ്തകമേളയും കൈയെഴുത്ത് മാസിക ശില്പശാല
ജൂൺ 26	- 'കുട്ട് ലഹരിവിരുദ്ധ ക്ലബ്ബിന്റെ ഉദ്ഘാടനം കൈയെഴുത്ത് മാസികയുടെ പ്രകാശനവും
ജൂൺ 30	- ഗ്രന്ഥശാല സന്ദർശനം
ജൂലൈ 1	- ഫീൽഡ് ട്രിപ്പും ഡോക്യുമെന്റ് ഡേ ദിനാചരണവും
ജൂലൈ 11	- കഥോത്സവം
ജൂലൈ 14	- കുട്ടികളുടെ കവിയരങ്ങ്
ജൂലൈ 19	- പഠനോപകരണ നിർമ്മാണ ശില്പശാല
ജൂലൈ 21	- ഗണിതക്ലബ്ബ്, ഗാന്ധിദർശൻ ക്ലബ്ബ് എന്നിവയുടെ ഉദ്ഘാടനം
ജൂലൈ 24	- Lap-Up English Enrichment programme ഇംഗ്ലീഷ് ക്ലബ്ബ് ഉദ്ഘാടനം
ജൂലൈ 25	- കൈയെഴുത്ത് മാസിക പ്രകാശനം
ജൂലൈ 27	- സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്
ജൂലൈ 31	- സ്കൂൾ ഗണിത ശാസ്ത്രമേള
ആഗസ്റ്റ് 1	- സാമൂഹ്യ ശാസ്ത്രമേള
ആഗസ്റ്റ് 4	- പ്രവൃത്തി പരിചയമേള
ആഗസ്റ്റ് 6	- ഹിരോഷിമ ദിനാചരണവും, സുധാക്കോ കൊക്ക് നിർമാണവും
ആഗസ്റ്റ് 8	- 5ലന്റ് ഫണ്ട് ക്വിസ് മത്സരം
ആഗസ്റ്റ് 9	- നാഗസാക്കി ദിനാചരണവും ക്വിസ് മത്സരവും
ആഗസ്റ്റ് 13	- പ്രചാരപ്രഭയുടെ പ്രഥമ, മൂന്നാമ, മാധ്യമ രാഷ്ട്രഭാഷ പരീക്ഷ
ആഗസ്റ്റ് 15	- സ്വാതന്ത്ര്യദിനാഘോഷവും കലാപരിപാടികളും
ആഗസ്റ്റ് 17	- കർഷകദിനാചരണം, പച്ചക്കറി തൈകൾ നടീൽ
ആഗസ്റ്റ് 25	- ഓണാഘോഷം, ഓണസദ്യ
സെപ്റ്റംബർ 5	- അധ്യാപകദിനാചരണം
സെപ്റ്റംബർ 13	- ബാലശാസ്ത്ര കോൺഗ്രസ്
സെപ്റ്റംബർ 14	- വയോജനവം
സെപ്റ്റംബർ 23	- സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീമിന്റെ ദ്വിദിന സഹവാസ ക്യാമ്പിന്റെ ഉദ്ഘാടനം
സെപ്റ്റംബർ 24	- ആനന്ദകലാകേന്ദ്ര സന്ദർശനം, സ്കൂൾ കായികമേള
സെപ്റ്റംബർ 29,30	- 'കേളി' സ്കൂൾ കലോത്സവം
ഒക്ടോബർ 2	- ഗാന്ധിജയന്തി ദിനാചരണം
ഒക്ടോബർ 6	- സബ്ജില്ലാ കായികമേള
ഒക്ടോബർ 8	- വന്യജീവി ദിനാചരണം
ഒക്ടോബർ 9	- വന്യജീവി ദിനാചരണം പ്രീ-പ്രൈമറി കഥപറയൽ മത്സരം
ഒക്ടോബർ 10	- സ്കൂൾ സംസ്കൃതോത്സവവും അറബി സാഹിത്യോത്സവവും
ഒക്ടോബർ 18,19	- സബ് ജില്ലാ തല ശാസ്ത്രമേള
ഒക്ടോബർ 25	- എൽ.എസ്.എസ്, യു.എസ്.എസ്. പരിശീലന ഉദ്ഘാടനം
ഒക്ടോബർ 26	- ക്ലാസ് പി.റ്റി.എ.
ഒക്ടോബർ 27	- നേത്ര പരിശോധന ക്യാമ്പ്
നവംബർ 1	- കേരളപ്പിറവി ദിനത്തിൽ 30 കുട്ടികളുടെ പുസ്തക പ്രകാശനവും എഫ്.എം. റേഡിയോ പ്രവർത്തനോദ്ഘാടനവും
നവംബർ 2,4,7	- 'കേരളീയം' പുസ്തകോത്സവം സന്ദർശനം
നവംബർ 7 - 10	- സബ് ജില്ലാ കലോത്സവം
നവംബർ 13	- എസ്.എസ്.എസ്.എസ്.റ്റി ആഭിമുഖ്യത്തിൽ ആയുർവേദ ക്ലാസ്
നവംബർ 14	- ശിശുദിനാചരണം
നവംബർ 17	- കാർട്ടൂൺ ശില്പശാല
നവംബർ 30	- തമിഴ്നാട്ടിലെ എഡ്യൂക്കേറ്റർമാരുടെ സ്കൂൾ സന്ദർശനം ഹിന്ദി ഭാഷാപുസ്തക പ്രകാശനം വിദ്യാരംഗം സർഗോത്സവം
ഡിസംബർ 1	- യോഗ പരിശീലനം ബലൂൺ ആർട്ട് - ശില്പശാല (ക്യാമ്പ്)
ഡിസംബർ 2	- ചരിത്രമാളിക സന്ദർശനം
ഡിസംബർ 3	- ഭിന്നശേഷി ദിനാചരണം
ഡിസംബർ 7, 8	- ജില്ല കലോത്സവത്തിലെ പങ്കാളിത്തം
ഡിസംബർ 9-10	- ഭാഷോത്സവം
ഡിസംബർ 11	- വിജയോത്സവവും പത്രപ്രകാശനവും
ഡിസംബർ 18	- അറബി ഭാഷാദിനാചരണം
ഡിസംബർ 23	- ക്രിസ്മസ് ആഘോഷം
ജനുവരി 1	- പുതുവർഷം
ജനുവരി 5	- യോഗമുറ്റിന്റെ വിതരണോദ്ഘാടനം പ്രീ-കെ.ജി.1, 2 വിനോദയാത്ര
ജനുവരി 9	- ഹാപ്പിലാന്റ് വിനോദയാത്ര
ജനുവരി 10	- ലോക ഹിന്ദി ദിനാചരണം
ജനുവരി 11	- 5ലന്റ് ഫണ്ട് വിജയികൾക്കുള്ള അനുമോദനം
ജനുവരി 16	- ഏഴാം ക്ലാസ് വിദ്യാർത്ഥികളുടെ വിനോദയാത്ര
ജനുവരി 17	- എസ്.എം.സി. വാർഷികയോഗം
ജനുവരി 19	- സചിത്ര ഡയറി പ്രകാശനം
ജനുവരി 20	- സുമേ ഹിന്ദി പരീക്ഷ
ജനുവരി 24	- സോപ് നിർമാണ ശില്പശാല
ജനുവരി 26	- റിപ്പബ്ലിക് ദിനം
ജനുവരി 27	- അധ്യാപക ക്ലസ്റ്റർ പരിശീലനം
ജനുവരി 30	- രക്തസാക്ഷി ദിനാചരണം
ഫെബ്രുവരി 2	- ലോക തണ്ണീർത്തട ദിനാചരണം
ഫെബ്രുവരി 3	- വാർഷികം ജില്ലാതല മത്സരത്തിലെ പങ്കാളിത്തം
ഫെബ്രുവരി 5	- സെൽഫ് ഡിഫൻസ് പരിശീലനം
ഫെബ്രുവരി 8	- ദേശീയ വിരവിമുക്ത ദിനാചരണം
ഫെബ്രുവരി 12, 13	- സ്കൂൾ വാർഷികം

സ്കൂളിനെക്കുറിച്ച് കൂടുതൽ അറിയാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക

GOVT. UPS NEMOM SCHOOL WIKI

നേമം ഗവ. യു.പി.എസ്. ഗാലറി

കൃഷിപാഠം അറിയാൻ കുട്ടികൾ സംയോജിത കൃഷിയിടം സന്ദർശിച്ചു.

ടാലന്റ് ഹണ്ട് ഉദ്ഘാടനം പള്ളിച്ചൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി മല്ലിക ഉദ്ഘാടനം ചെയ്യുന്നു

2023 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു

വായനപക്ഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കുട്ടിക്കവിയരങ്ങ് സംഗമത്തിൽ പ്രശസ്തകവി ശ്യാമപ്രസാദ് കുട്ടികളുമായി സംവദിക്കുന്നു.

ജനകീയ ഓണാഘോഷം കുട്ടികൾക്കും അധ്യാപകർക്കും വേറിട്ട അനുഭവമായി

സംസ്ഥാന സബ്ജൂനിയർ വുഷു ചാമ്പൻഷിപ്പിൽ രണ്ടാം സ്ഥാനം നേടിയ ജോജി ജോണിനെ ആദരിച്ചു

ഹൈസ്കൂൾ അധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച ആശാദീപ്തക്ക് യാത്രയയപ് നൽകി.

ഹരിതസഭയുടെ ഉദ്ഘാടനം കല്ലിയൂർ പഞ്ചായത്ത് പ്രസിഡന്റ് എം.സോമശേഖരൻ നായർ നിർവഹിക്കുന്നു.

കുട്ടികൾ നിർമ്മിച്ച ക്രിസ്തുമസ് നൂലർ ആശംസാ കാർഡുകൾ

കലയും കടലാസും ക്ലാസ് മുറികളിൽ: പ്രവർത്തിപരിചയ മേള അധ്യാപക പുരസ്കാര ജേതാവ് ശ്രീ. പ്രമോദ് അടൂത്തില നേതൃത്വം നൽകുന്നു

പുതുവത്സരത്തോടനുബന്ധിച്ച് കുട്ടികൾ തയാറാക്കിയ സർഗ്ഗച്ചുവർ

കുട്ടികൾ ക്രിസ്തുമസ് ആഘോഷവേളയിൽ

നേമം യു.പി.എസിൽ കുട്ടികൾക്കായി സംഘടിപ്പിച്ച നേത്ര പരിശോധന ക്യാമ്പ്

എൽ.എസ്.എസ്. പരീക്ഷാ പരിശീലനക്ലാസിന് അധ്യാപിക റെജീന പി നേതൃത്വം നൽകുന്നു

ഹിരോഷിമ നാഗസാക്കി ദിനാചരണത്തോടനുബന്ധിച്ച് സുധാക്കോ കൊക്കുമായി കുട്ടികൾ

ഹാഷോത്സവത്തിന്റെ ഭാഗമായി ചാർട്ട് പേപ്പറുകളിൽ മനോഹരമായ പത്രങ്ങൾ തയാറാക്കി ഒന്നാം ക്ലാസിലെ കുട്ടുകാർ

ഗാന്ധിദർശൻ ജില്ലാ കോഡിനേറ്റർ ബി. ജയചന്ദ്രൻ സ്കൂളിന് പുസ്തകം സമ്മാനിക്കുന്നു.

ആരോഗ്യ ബോധവത്കരണ ക്ലാസ് ഡോ. സൗമി സലാം നേതൃത്വം നൽകുന്നു

125 കുട്ടികൾക്കുള്ള യോഗ പരിശീലനത്തിന് യോഗ പരിശീലകൻ ശ്രീ. ഗോപകുമാർ നേതൃത്വം നൽകുന്നു

നേമം യു.പി.എസിലെ കുട്ടികൾ വിനോദയാത്രയുടെ ഭാഗമായി വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ സന്ദർശിച്ചപ്പോൾ

അക്കാദമിക് മാസ്റ്റർപ്ലാൻ ബഹു എം.പി. ജോൺ ബ്രിട്ടാസ് പ്രകാശനം ചെയ്യുന്നു.

ടാലന്റ് ഹണ്ട് ക്വിസ് മത്സരത്തിൽ വിജയിക്കളായ അനാമിക എസ്. ഇന്ദന്, അർജിമിന എന്നിവർ ഐ.ബി.സതീഷ് എം.എൽ.എയിൽ നിന്നും സമ്മാനം വാങ്ങുന്നു

റിപ്പബ്ലിക് ദിനത്തിൽ നടത്തിയ ക്വിസ് മത്സരത്തിന് ALSCS Edu. ഡയറക്ടർ ശ്രീ. അശ്വിൻ വി നേതൃത്വം നൽകുന്നു

ഗാന്ധി രക്തസാക്ഷിത്വ ദിനത്തിൽ ഗന്ധിദർശൻ ക്ലബ്ബിന്റെ ആഭിമുഖത്തിൽ നടത്തിയ സർവമത പ്രാർത്ഥന

കേളി സ്കൂൾ കലോത്സവം ഡോ. കെ. ബീന ഉദ്ഘാടനം ചെയ്യുന്നു

ഉപജില്ലാ ശാസ്ത്രമേളയിൽ ഓവറോൾ ട്രോഫി എ.ഇ.ഒയിൽ നിന്നും സ്വീകരിക്കുന്നു

ഉപജില്ലാ പ്രവൃത്തി പരിചയമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച പ്രതിഭകൾ

സ്കൾ സോഷ്യൽ സർവ്വീസ് സ്കിന്റെ ഭാഗമായി സംഘടിപ്പിച്ച കളിൺ മാതൃകാ നിർമ്മാണ ശില്പശാല

കേരളീയത്തിന്റെ ഭാഗമായി നേമം യു.പി.എസിലെ കുട്ടികൾ നിയമസഭ സന്ദർച്ചപ്പോൾ

ഭിന്നശേഷി ദിനത്തിൽ അധ്യാപകൻ ശരത് യു.എസ്. കുട്ടികൾക്ക് വേണ്ടി തബല വായിക്കുന്നു

തമിഴ്നാട്ടിലെ എഡ്യൂക്കേറ്റർമാർ നേമം യു.പി.എസി ലെ വർണക്കൂടാരം സന്ദർശിച്ചപ്പോൾ

എൽ.എസ്.എസ്. മാതൃകാ പരീക്ഷ

ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ എൽ.പി.അറബിക് സാഹിത്യോത്സവത്തിന്റെ ഓവറോൾ ട്രോഫി ഏറ്റുവാങ്ങുന്നു

നേമം യു.പി.എസിലെ കുട്ടികൾ അഗസ്ത്യം കളരിത്തറയിൽ പരിശീലനത്തിന് എത്തിയപ്പോൾ

ക്ലാസ് റൂമിലെ തബല പരിശീലനം

സോഷ്യൽ സർവീസ് സ്കീമിലെ കൂട്ടുകാർ ആനന്ദകലാകേന്ദ്ര സന്ദർശിച്ചപ്പോൾ

സോഷ്യൽ സർവീസ് ടീം അംഗങ്ങൾ

വിൻസെന്റ് മാഷിന്റെ ചിത്രകലാ പരിശീലന ശില്പശാല

നേമം യു.പി.എസ് ലെ കുട്ടികൾ ഭഗവതിനടയിലെ പൈതൃകഗ്രാമം സന്ദർശിച്ചപ്പോൾ

കൈയെഴുത്ത് മാസികകളുടെ പ്രകാശനം

നേമം യു.പി.എസിലെ കുട്ടികൾ കെ.എസ്.ആർ.ടി.സിയുടെ സിറ്റി റൈഡിൽ പങ്കെടുത്തപ്പോൾ

ഹിരോഷിമ - നാഗസാക്കി അനുസ്മരണത്തോടനുബന്ധിച്ച് സഡാക്കോ കൊക്കുമായി കുട്ടികൾ

നേമം യു.പി.എസ് കുട്ടികൾ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സന്ദർശിച്ചപോൾ

ലിറ്റിൽ ചാമ്പൻഷിപ് കളിയുത്സവം ഡയമണ്ട് പുഷ്അപ് ലാക റെക്കോർഡ് ജേതാവ് ആന്റോ മാത്യു ഉദ്ഘാടനം ചെയ്യുന്നു

പ്രീ-സ്കൂൾ ഫെസ്റ്റ് കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.ചന്ദ്രകൃഷ്ണ ഉദ്ഘാടനം ചെയ്യുന്നു.

കഥോത്സവം ഉദ്ഘാടനം ചെയ്ത കഥാകൃത്ത് സതീഷ് കിടാരക്കുഴിക്ക് സ്നേഹാദരവ് നൽകി

ഡോക്ടേഴ്സ് ദിനത്തിൽ ഡോ. സ്മിത എസ്. ശിവനെ സീഡ് ക്ലബ്ബ് ആദരിച്ചു

സ്കൂൾ കായികമേള പതാക കൈമാറുന്നു

സംസ്കൃതം സ്കോളർഷിപ്പ് വിജയികൾ

എൽ.എസ്.എസ്. - യു.എസ്.എസ്. വിജയികൾ